"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരളസംസ്ഥാനം)

**ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(നിലവിൽ: ജാസ്മിൻ ബി, കെ എ എസ്)**

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 31.08.2024 വരെ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

**പരാമർശം:-** 04.09.2024 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

**ഉത്തരവ് നമ്പർ: DT/3972/2024-A9 തീയതി: 29-10-2024**

വ്യാവസായിക പരിശീലന വകുപ്പിൽ, ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 31.08.2024 വരെ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ, അതത് സ്ഥാപനമേധാവികൾ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ, ടി തസ്തികയിലെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

സ്ഥാപനമേധാവികൾ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകി കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്. ടി ലിസ്റ്റിൽ 31.08.2024 വരെ ജോലിയിൽ പ്രവേശിച്ച എല്ലാ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും ഉൾപ്പെട്ടിട്ടുണ്ടെന്നു അതത് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. പ്രൊവിഷണൽ ലിസ്റ്റിന്മേൽ പരാതിയുള്ള ജീവനക്കാർ ആയത് സാധൂകരിക്കുന്ന രേഖകൾ സഹിതം സ്ഥാപന മേധാവിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും, മേൽ അപേക്ഷ ടി ജീവനക്കാരുടെ സേവനപുസ്തകവുമായി ഒത്തുനോക്കി നിജസ്ഥിതി ഉറപ്പുവരുത്തി **08.11.2024 നു മുൻപ്** സ്ഥാപനമേധാവി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്. പരാതികൾ ഇല്ലായെങ്കിൽ NIL റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. 31.08.2024 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഏതെങ്കിലും ജീവനക്കാരുടെ പേര് ലിസ്റ്റിൽ ഉൾപ്പെടാത്ത പക്ഷം മേൽ ജീവനക്കാരുടെ വിവരം പരാമർശത്തിലെ പ്രൊഫോർമയിൽ തയ്യാറാക്കി മേൽ സൂചിപ്പിച്ച തീയതിയ്ക്കു മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ, പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാർ Appendix XII A, XII B, XII C എന്നിവ പ്രകാരമുള്ള ശൂന്യവേതന അവധി പ്രയോജനപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ (പരിവീക്ഷ കാലാവധി പൂർത്തിയാക്കിയ ഉത്തരവ്, Appendix XII A, XII B, XII C പ്രകാരം അവധി അനുവദിച്ച ഉത്തരവ്, അവധിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്ത ഉത്തരവ്& വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച ഉത്തരവ്) കൂടി ലഭ്യമാക്കേണ്ടതാണ്. **കത്തും റിപ്പോർട്ടും തപാൽ മാർഗം മാത്രം ലഭ്യമാക്കേണ്ടതാണ്.**

വൈകി വരുന്ന അപേക്ഷകൾ പരിഗണിക്കാത്തതും, **08.11.2024** നു മുൻപ് പരാതികൾ ലഭിച്ചില്ലായെങ്കിൽ, പരാതി ഇല്ലാ എന്ന നിഗമനത്തിൽ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമാണ്.

**(ഒപ്പ്)**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**സ്വീകർത്താവ്:-**

ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ എല്ലാ ജീവനക്കാരും

(സ്ഥാപനമേധാവി മുഖേനെ)

**പകർപ്പ്:-**

1. എല്ലാ സ്ഥാപനമേധാവികളും
2. വകുപ്പ് വെബ്സൈറ്റ്
3. കരുതൽ ഫയൽ (എ9)

**//ഉത്തരവിൻ പ്രകാരം//**

**സീനിയർ സൂപ്രണ്ട്**

Signed by
Ajith Kumar J B
Date: 29-10-2024 16:37:37